# Malayala Manorama

## 29 August 2018

## Kochi, After Flood, “Sneha Sandwanam” Project, Immunization Kit



# സ്നേഹസാന്ത്വനം ഇന്ന് 5000 കുടുംബങ്ങളിലേക്ക്

**മനോരമ ലേഖകൻ**

കൊച്ചി • പ്രളയ ബാധിതരുടെ വീടുകളിൽ പോയി രോഗ പ്രതിരോധ മരുന്നുകിറ്റ് വിതരണം ചെയ്യാൻ ഒറ്റ ദിവസം ജില്ലയിലെ 5000 കുടുംബങ്ങളെ സന്ദർശിക്കുന്ന പദ്ധതിയായ സ്നേഹ സാന്ത്വനം ഇന്ന്.

ഭാരതീയ ചികിൽസാ വകുപ്പും നാഷനൽ ആയുഷ് മിഷനും ആയുർവേദ മെഡിക്കൽ അസോസിയേഷനും ചേർന്നു നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി 10,000 ഔഷധക്കിറ്റുകളും ലഘുലേഖകളും തയാറാക്കി.

ദുരിതം ഏറ്റവും ബാധിച്ച ഏലൂർ, വരാപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, പറവൂർ നഗരസഭ, കീഴ്മാട്, കുന്നുകര, പാറക്കടവ്, കാലടി, ആലുവ നഗരസഭ, ശ്രീമൂലനഗരം, കടുങ്ങല്ലൂർ, മലയാറ്റൂർ, വെളിയത്തുനാട്, ചൂർണിക്കര, കല്ലൂർക്കാട്, കാഞ്ഞൂർ, ചിറ്റാറ്റുകര, പുത്തൻവേലിക്കര, ചെങ്ങമനാട്, ആലങ്ങാട് എന്നിവിടങ്ങളിലെ ഗവ. ആയുർവേദ ഡിസ്പെൻസറികൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം. രണ്ടു ഡോക്ടർമാരും സ്ഥലത്തെ ജനപ്രതിനിധിയും പൊതുപ്രവർത്തകരും അടങ്ങിയ സംഘം ഓരോ പ്രദേശത്തെയും 250 വീടുകൾ സന്ദർശിച്ച് വിദഗ്ധോപദേശം നൽകും.

ഇന്നു രാവിലെ 10ന് ആലുവ മെട്രോ സ്റ്റേഷൻ പരിസരത്ത് എസ്. ശർമ എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്യും.